ENTRI

# DEGREE LEVEL PRELIMINARY EXAMINATION

## STAGE - II

# ANSWER KEY

**28 JUNE 2025**



1. Which of the following statement/statements are correct regarding the Portuguese relation with Kerala?

i) Vasco da Gama reached at Kozhikode in May, 1498

ii) In 1500, the second Portuguese mission under Pedro Alvares Cabral reached Kerala

iii) Vasco da Gama made his second arrival in Kerala in 1502

iv) Portuguese alliance with the Kolathiris was stable and continuous till their exit from Kerala.

Select the correct answer from the codes given below:

(A) Only (i & ii)
(B) Only (i & iii)
(C) Only (iii & iv)
(D) All statements are correct

2. Which European power was defeated by Marthanda Varma in the Battle of Colachel?

(A) The British
(B) The French
(C) The Dutch
(D) The Portuguese

3. Match the following books and their authors and find out the correct answer from the choices given:

a) Hortus Malabaricus — i) Katchanancheri Namboothiri
b) Mamankam Kilippattu — ii) Shaik Zainuddin
c) Perumal Tirumozhi — iii) Hendrik van Rheed
d) Tuhfat Ul Mujjahiddin — iv) Kulasekhara Alwar

(A) a – iii, b – i, c – iv, d – ii
(B) a – ii, b – iii, c – iv, d – i
(C) a – iv, b – ii, c – i, d – iii
(D) a – iii, b – iv, c – i, d – ii

4. Which of the following statement/statements are correct regarding the first ministry of Kerala under EMS Namboothiripad?

i) Joseph Mundassery was the Minister for Education

ii) P K Chathan was the Minister for Industries

iii) K R Gouri was the Minister for Land Revenue

iv) K P Gopalan was the Minister for Local Self Government

Select the correct answer from the codes given below:

(A) Only (i, ii & iv)
(B) Only (ii & iv)
(C) Only (i & iii)
(D) Only (i, iii & iv)

5. Mansabdari system was introduced by

(A) Sher Shah
(B) Akbar
(C) Shah Jahan
(D) Aurangzeb

6. By which Act did the British Crown take over the Government of India from the East India Company?

(A) The Regulating Act
(B) The Government of India Act
(C) The Pitt's India Act
(D) None of these

7. Arrange the following events in chronological order:

i) Rowlatt Act
ii) Gandhi-Irwin Pact
iii) Partition of Bengal
iv) Nehru Report

Select the correct answer from the codes given below:

(A) i, ii, iii, iv
(B) ii, i, iii, iv
(C) iv, ii, iii, i
(D) iii, i, iv, ii

1. താഴെ തന്നിരിക്കുന്നവയിൽ കേരള-പോർച്ചുഗീസ് ബന്ധങ്ങളെ സംബന്ധിച്ചുള്ള ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതെല്ലാം?
   i) 1498 മെയ് മാസത്തിൽ വാസ്കോ ഡ ഗാമ കോഴിക്കോട് എത്തി
   ii) 1500 പെഡ്രോ അൽവാറസ് കബ്രാളിന്റെ നേതൃത്വത്തിൽ രണ്ടാം പോർച്ചുഗീസ് സംഘം കേരളത്തിൽ എത്തി
   iii) 1502 ൽ വാസ്കോ ഡ ഗാമ രണ്ടാം തവണ കേരളത്തിൽ എത്തി
   iv) പോർച്ചുഗീസുകാർ കേരളം വിടുന്നതു വരെ കോലത്തിരിമാരുമായി അവർക്ക് സ്ഥിരവും തുടർച്ചയുള്ളതുമായ സൗഹൃദമാണ് ഉണ്ടായിരുന്നത്
   തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.
   (A) i, ii പ്രസ്താവനകൾ മാത്രം
   (B) i, iii പ്രസ്താവനകൾ മാത്രം
   (C) iii, iv പ്രസ്താവനകൾ മാത്രം
   (D) എല്ലാ പ്രസ്താവനകളും ശരിയാണ്

2. കുളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മ ഏത് യൂറോപ്യൻ ശക്തിയെ ആണ് പരാജയപ്പെടുത്തിയത്?
   (A) ബ്രിട്ടീഷുകാർ (B) ഫ്രഞ്ചുകാർ (C) ഡച്ചുകാർ (D) പോർച്ചുഗീസുകാർ

3. താഴെ തന്നിരിക്കുന്ന പുസ്തകങ്ങളുടെയും രചയിതാക്കളുടെയും പേരുകൾ താരതമ്യം ചെയ്ത് ശരിയായ ഉത്തരം കണ്ടെത്തുക.
   a) ഹോർത്തൂസ് മലബാറിക്കസ് — i) കാടഞ്ചേരി നമ്പൂതിരി
   b) മാമാങ്കം കിളിപ്പാട്ട് — ii) ഷെയ്ഖ് സൈനുദ്ദീൻ
   c) പെരുമാൾ തിരുമൊഴി — iii) ഹെൻട്രിക്ക് വാൻ റീഡ്
   d) തുഹ്ഫത്തുൽ മുജാഹിദീൻ — iv) കുലശേഖര ആൾവാർ
   (A) a – iii, b – i, c – iv, d – ii
   (B) a – ii, b – iii, c – iv, d – i
   (C) a – iv, b – ii, c – i, d – iii
   (D) a – iii, b – iv, c – i, d – ii

4. കേരളത്തിലെ ഒന്നാമത്തെ ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ കീഴിലുള്ള മന്ത്രിസഭയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതെല്ലാം?
   i) ജോസഫ് മുണ്ടശ്ശേരിയായിരുന്നു വിദ്യാഭ്യാസ മന്ത്രി
   ii) പി കെ ചാത്തൻ വ്യവസായ വകുപ്പ് മന്ത്രിയായിരുന്നു
   iii) കെ ആർ ഗൗരി ആയിരുന്നു റവന്യൂ വകുപ്പ് മന്ത്രി
   iv) കെ പി ഗോപാലൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയായിരുന്നു
   തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.
   (A) i, ii, iv പ്രസ്താവനകൾ മാത്രം
   (B) ii, iv പ്രസ്താവനകൾ മാത്രം
   (C) i, iii പ്രസ്താവനകൾ മാത്രം
   (D) i, iii, iv പ്രസ്താവനകൾ മാത്രം

5. മൻസബ്ദാരി സമ്പ്രദായം നടപ്പിലാക്കിയത്.
   (A) ഷെർ ഷാ (B) അക്ബർ (C) ഷാജഹാൻ (D) ഔറംഗസേബ്

6. ഏത് ആക്ട് അനുസരിച്ചാണ് ഇന്ത്യയുടെ ഭരണം ഈസ്റ്റ് ഇന്ത്യ കമ്പനിയിൽനിന്നും ബ്രിട്ടീഷ് ഗവൺമെന്റ് ഏറ്റെടുത്തത്?
   (A) റെഗുലേറ്റിംഗ് ആക്ട്
   (B) ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്
   (C) പിറ്റിന്റെ ഇന്ത്യാ നിയമം
   (D) ഇവയൊന്നുമല്ല

7. താഴെപ്പറയുന്ന സംഭവങ്ങൾ അവ നടന്ന കാലക്രമം അനുസരിച്ച് ക്രമീകരിക്കുക
   i) റൗലറ്റ് ആക്ട്
   ii) ഗാന്ധി - ഇർവിൻ പാക്ട്
   iii) ബംഗാൾ വിഭജനം
   iv) നെഹ്റു റിപ്പോർട്ട്
   തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.
   (A) i, ii, iii, iv (B) ii, i, iii, iv (C) iv, ii, iii, i (D) iii, i, iv, ii

8. Who introduced the Twenty-Point Programme?

(A) Indira Gandhi (B) Rajiv Gandhi (C) Narasimha Rao (D) V P Singh

9. Match the following events and movements and find out the correct answer from the choices given:

a) Stamp Act — i) Great Revolution of England

b) Tennis Court Oath — ii) American Revolution

c) Bill of Rights — iii) Russian Revolution

d) Treaty of Brest-Litovsk — iv) French Revolution

(A) a – ii, b – iv, c – iii, d – i

(B) a – ii, b – iii, c – iv, d – i

(C) a – iv, b – i, c – ii, d – iii

(D) a – ii, b – iv, c – i, d – iii

10. Which of the following leaders were the signatories of Atlantic Charter?

i) Franklin D. Roosevelt

ii) Joseph Stalin

iii) Winston Churchill

iv) Chiang Kai-Shek

Select the correct answer from the codes given below:

(A) Only (i & ii) (B) Only (i & iii) (C) Only (i, ii & iii) (D) Only (ii, iii & iv)

11. Which of the following processes is primarily responsible for the formation of a delta?

(A) Glacial erosion (B) Wind deposition (C) River deposition (D) Volcanic activity

12. What does the contour interval on a topographic map represent?

(A) The distance between two points on the map

(B) The vertical difference in the elevation between consecutive contour lines

(C) The total elevation of the highest peak on the map

(D) The horizontal distance between two contour lines

13. In which regions of India are Tropical Thorn Forests predominately found?

(A) Western Ghats and Eastern Ghats

(B) Coastal regions of Odisha and West Bengal

(C) Semi-arid areas of Rajasthan, Gujarat and Haryana

(D) Himalayan foothills

14. The Silent Valley National Park in Kerala is renowned for conserving which type of forest ecosystem?

(A) Mangrove Forest (B) Tropical Rainforest

(C) Deciduous Forest (D) Montane Grasslands

15. Which two mountain ranges do the Palakkad Gap separate in the Western Ghats?

(A) Nilgiri Hill Ranges and Nelliyampathy Hill Ranges

(B) Cardamom Hills and Palani Hills

(C) Ponmudi Hills and Nilgiri Hill Ranges

(D) Vindhya Ranges and Satpura Ranges

8. ഇരുപതിന പരിപാടി കൊണ്ടുവന്നതാര്?

(A) ഇന്ദിരാഗാന്ധി

(B) രാജീവ് ഗാന്ധി

(C) നരസിംഹ റാവു

(D) വി. പി. സിംഗ്

9. താഴെ തന്നിരിക്കുന്ന സംഭവങ്ങളെയും പ്രസ്ഥാനങ്ങളെയും താരതമ്യം ചെയ്ത് ശരിയായ ഉത്തരം കണ്ടെത്തുക:

a) സ്റ്റാമ്പ് നിയമം — i) ഇംഗ്ലണ്ടിലെ മഹത്തായ വിപ്ലവം

b) ടെന്നിസ് കോർട്ട് പ്രതിജ്ഞ — ii) അമേരിക്കൻ വിപ്ലവം

c) ബിൽ ഓഫ് റൈറ്റ്സ് — iii) റഷ്യൻ വിപ്ലവം

d) ബ്രസ്റ്റ് ലിറ്റോവ്സ്ക് ഉടമ്പടി — iv) ഫ്രഞ്ച് വിപ്ലവം

(A) a – ii, b – iv, c – iii, d – i

(B) a – ii, b – iii, c – iv, d – i

(C) a – iv, b – i, c – ii, d – iii

(D) a – ii, b – iv, c – i, d – iii

10. താഴെപ്പറയുന്ന നേതാക്കളിൽ അറ്റ്ലാന്റിക് ചാർട്ടറിൽ ഒപ്പുവച്ചവർ ആരെല്ലാം?

i) ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽറ്റ്

ii) ജോസഫ് സ്റ്റാലിൻ

iii) വിൻസ്റ്റൺ ചർച്ചിൽ

iv) ചിയാങ് കൈ-ഷെക്ക്

തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

(A) (i & ii) മാത്രം

(B) (i & iii) മാത്രം

(C) (i, ii & iii) മാത്രം

(D) (ii, iii & iv) മാത്രം

11. താഴെ പറയുന്നവയിൽ ഏതാണ് പ്രധാനമായും ഡെൽറ്റ രൂപപ്പെടുത്തുന്നത്?

(A) ഹിമാനികൾ മൂലമുള്ള മണ്ണൊലിപ്പ്

(B) കാറ്റു മൂലമുള്ള നിക്ഷേപം

(C) നദികളുടെ നിക്ഷേപം

(D) അഗ്നിപർവ്വത പ്രവർത്തനങ്ങൾ

12. ഒരു ടോപ്പോഗ്രാഫിക് മാപ്പിലെ കോണ്ടൂർ ഇടവേള എന്തിനെ പ്രതിനിധീകരിക്കുന്നു?

(A) ഭൂപടത്തിലെ രണ്ട് ബിന്ദുക്കൾക്കിടയിലുള്ള ദൂരം

(B) തുടർച്ചയായ കോണ്ടൂർ രേഖകൾക്കിടയിലുള്ള ഉയരത്തിലെ ലംബ വ്യത്യാസം

(C) ഭൂപടത്തിലെ ഏറ്റവും ഉയർന്ന കൊടുമുടിയുടെ ആകെ ഉയരം

(D) രണ്ട് കോണ്ടൂർ രേഖകൾക്കിടയിലുള്ള തിരശ്ചീന ദൂരം

13. ഇന്ത്യയിലെ ഏത് പ്രദേശങ്ങളിലാണ് ഉഷ്ണമേഖലാ മുള്ള് വനങ്ങൾ കൂടുതലായി കാണപ്പെടുന്നത്?

(A) പശ്ചിമഘട്ടവും കിഴക്കൻ ഘട്ടങ്ങളും

(B) ഒഡീഷയിലെയും പശ്ചിമ ബംഗാളിലെയും തീരപ്രദേശങ്ങൾ

(C) രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന എന്നിവിടങ്ങളിലെ അർദ്ധ വരണ്ട പ്രദേശങ്ങൾ

(D) ഹിമാലയൻ താഴ്‌വരകൾ

14. കേരളത്തിലെ സൈലന്റ് വാലി ദേശീയോദ്യാനം ഏത് തരം വനം ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിന് പേരുകേട്ടതാണ്?

(A) കണ്ടൽക്കാടുകൾ

(B) ഉഷ്ണമേഖലാ മഴക്കാടുകൾ

(C) ഇലപൊഴിയും വനങ്ങൾ

(D) പർവ്വത പുൽമേടുകൾ

15. പശ്ചിമഘട്ടത്തിലെ പാലക്കാട് ചുരം ഏതൊക്കെ രണ്ട് പർവ്വതനിരകളെയാണ് വേർതിരിക്കുന്നത്?

(A) നീലഗിരി മലനിരകളും നെല്ലിയാമ്പതി മലനിരകളും

(B) ഏലം കുന്നുകളും പഴനി കുന്നുകളും

(C) പൊൻമുടി കുന്നുകളും നീലഗിരി മലനിരകളും

(D) വിന്ധ്യ മലനിരകളും സത്പുര മലനിരകളും

16. An increase in per capita income without an improvement in income distribution indicates
   (A) Increase in overall welfare
   (B) No impact on welfare
   (C) Widening income inequality
   (D) Reduction in poverty

17. The RBI's decision to reduce the Cash Reserve Ratio (CRR) primarily aims at
   (A) Curtailing inflation
   (B) Reducing fiscal deficit
   (C) Increasing liquidity
   (D) Strengthening rupee value

18. A simultaneous rise in GDP and fiscal deficit suggests
   (A) Government is reducing expenditure
   (B) Government is following expansionary fiscal policy
   (C) Private sector contraction
   (D) Monetary tightening

19. Which among the following is the best measure to evaluate the welfare impact of economic growth?
   (A) Nominal GDP
   (B) Real GDP
   (C) HDI
   (D) PCI

20. Assertion (A) : NITI Aayog emphasizes bottom-up planning.
   Reason (R) : It has constitutional authority to allocate financial resources to states.
   (A) Both (A) and (R) are true and (R) is the correct explanation of (A)
   (B) Both (A) and (R) are true but (R) is not the correct explanation of (A)
   (C) (A) is true but (R) is false
   (D) (A) is false but (R) is true

21. Who administers the oath of office to the President?
   (A) Prime Minister
   (B) Vice-President of India
   (C) Chief Justice of India
   (D) Governor

22. Who is the first Chairperson of Lokpal?
   (A) Justice A M Khanwilkar
   (B) Justice Pinaki Chandra Ghose
   (C) Justice Sanjay Yadav
   (D) Justice Cyriac Joseph

23. In which year, the Right to Information Act was passed in India?
   (A) 2004
   (B) 2011
   (C) 2005
   (D) 2006

24. The power of the Supreme Court of India to decide disputes between the Union and the States falls under which jurisdictory limit?
   (A) Advisory Jurisdiction
   (B) Appellate Jurisdiction
   (C) Original Jurisdiction
   (D) Constitutional Jurisdiction

25. If a Panchayat is dissolved, the elections are to be held within a period of
   (A) 6 months
   (B) 1 year
   (C) 3 months
   (D) 5 years

16. വരുമാന വിതരണത്തിൽ പുരോഗതിയില്ലാതെ പ്രതിശീർഷ വരുമാനത്തിലെ വർദ്ധനവ് സൂചിപ്പിക്കുന്നത്.
(A) മൊത്തത്തിലുള്ള ക്ഷേമത്തിലെ വർദ്ധനവ്
(B) ക്ഷേമത്തിൽ ഒരു സ്വാധീനവുമില്ല
(C) വരുമാന അസമത്വം വർദ്ധിക്കുന്നു
(D) ദാരിദ്ര്യം കുറയ്ക്കുന്നു

17. ക്യാഷ് റിസർവ്വ് അനുപാതം (സിആർആർ) കുറയ്ക്കാനുള്ള ആർബിഐയുടെ തീരുമാനം പ്രധാനമായും ലക്ഷ്യമിടുന്നത്.
(A) പണപ്പെരുപ്പം കുറയ്ക്കൽ
(B) ധനക്കമ്മി കുറയ്ക്കൽ
(C) ദ്രവ്യത വർദ്ധിപ്പിക്കൽ
(D) രൂപയുടെ മൂല്യം ശക്തിപ്പെടുത്തൽ

18. ജിഡിപിയിലും ധനക്കമ്മിയിലും ഒരേസമയം ഉണ്ടാകുന്ന വർദ്ധനവ് സൂചിപ്പിക്കുന്നത്-
(A) സർക്കാർ ചെലവ് കുറയ്ക്കുന്നു
(B) സർക്കാർ വിപുലീകരണ ധനനയം പിന്തുടരുന്നു
(C) സ്വകാര്യമേഖല ചുരുങ്ങൽ
(D) പണലഭ്യത കർശനമാക്കൽ

19. സാമ്പത്തിക വളർച്ചയുടെ ക്ഷേമ ആഘാതം വിലയിരുത്തുന്നതിനുള്ള ഏറ്റവും നല്ല അളവുകോൽ ഏതാണ്?
(A) നാമമാത്രമായ ജിഡിപി
(B) യഥാർത്ഥ ജിഡിപി
(C) എച്ച്ഡിഐ
(D) പിസിഐ

20. വാദം (എ) : നിതി ആയോഗ് താഴെത്തട്ടിലുള്ള ആസൂത്രണത്തിന് പ്രാധാന്യം നൽകുന്നു.
കാരണം (ആർ) : സംസ്ഥാനങ്ങൾക്ക് സാമ്പത്തിക വിഭവങ്ങൾ അനുവദിക്കാൻ ഭരണഘടനാപരമായ അധികാരമുണ്ട്.
(A) എ ഉം ആർ ഉം ശരിയാണ് ആർ ആണ് എയുടെ ശരിയായ വിശദീകരണം
(B) എ ഉം ആർ ഉം ശരിയാണ്, പക്ഷേ ആർ, എയുടെ ശരിയായ വിശദീകരണം അല്ല
(C) എ ശരിയാണ്, പക്ഷേ ആർ തെറ്റാണ്
(D) എ തെറ്റാണ്, പക്ഷേ ആർ ശരിയാണ്

21. പ്രസിഡന്റിന് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നത് ആരാണ്?
(A) പ്രധാനമന്ത്രി
(B) ഉപരാഷ്ട്രപതി
(C) ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ
(D) ഗവർണ്ണർ

22. ലോക്പാലിന്റെ ആദ്യ അദ്ധ്യക്ഷൻ ആരാണ്?
(A) ജസ്റ്റിസ് എ എം ഖാൻവിൽക്കർ
(B) ജസ്റ്റിസ് പിനാകി ചന്ദ്രഘോഷ്
(C) ജസ്റ്റിസ് സഞ്ജയ് യാദവ്
(D) ജസ്റ്റിസ് സിറിയക് ജോസഫ്

23. ഇന്ത്യയിൽ വിവരാവകാശം നിയമം പാസാക്കിയ വർഷം ഏത്?
(A) 2004
(B) 2011
(C) 2005
(D) 2006

24. കേന്ദ്ര സംസ്ഥാന തർക്കം തീർപ്പാക്കൽ സുപ്രീംകോടതിയുടെ ഏത് അധികാരപരിധിയിൽ വരുന്നതാണ്?
(A) ഒറിജിനൽ അധികാരപരിധി
(B) അപ്പീൽ അധികാരപരിധി
(C) ഉപദേശക അധികാരപരിധി
(D) ഭരണഘടനാ അധികാരപരിധി

25. പഞ്ചായത്ത് പിരിച്ചുവിട്ടാൽ ഏത് നിശ്ചയ സമയത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്?
(A) ആറ് മാസം
(B) ഒരു വർഷം
(C) മൂന്ന് മാസം
(D) അഞ്ച് വർഷം

26. Which of the following is not included in the Fundamental Duties of the Constitution of India?
i) To uphold and protect the sovereignty, unity and integrity of India
ii) To safeguard public property to abjure violence
iii) To develop the scientific temper, humanism and spirit of inquiry and reform
iv) To assure the dignity of the individual and unity and integrity of the nation
Select the correct answer from the codes given below:
(A) i, ii & iii
(B) ii only
(C) ii & iv
(D) iv only

27. The procedure for Amendment is provided in which part of the Constitution of India?
(A) Part XX
(B) Part XXI
(C) Part XII
(D) Part XV

28. Which Constitutional Amendment introduced the anti-defection provision in the Constitution of India?
(A) 51st Amendment
(B) 52nd Amendment
(C) 53rd Amendment
(D) 54th Amendment

29. In which of the following landmark judgements, the Supreme Court held that the Parliament could not amend the Fundamental Rights?
(A) Golaknath and others Vs. State of Punjab – 1967
(B) Maneka Gandhi Vs. State of India – 1978
(C) Shankari Prasad Vs. Union of India – 1951
(D) Kesavananda Bharathi Vs. State of Kerala – 1973

30. 73rd Amendment Act emanates from which article of the Indian Constitution?
(A) Article 36
(B) Article 40
(C) Article 44
(D) Article 49

31. Which work is known as the first Malayalam travelogue written in prose?
(A) Varthamanapusthakam
(B) Dharmarajavinte Rameshwarayaathra
(C) Kaashiyaathravarnanam
(D) Ullkallbhramanam

32. Which translation work was published by A R Rajaraja Varma in 1895 without using any Dwitiyaksharaprasam?
(A) Daivyayogam
(B) Malayavilasam
(C) Keshaveeyam
(D) Meghadootham

33. The largest Mural Painting ever seen in Kerala is reputed to be in Krishnapuram Palace. What is the subject of that Mural Painting?
(A) Ramayanam
(B) Keechakavadham
(C) Gajendramoksham
(D) Geethopadesham

34. Who is the Malayalam poet who initiated the establishment of Kerala Kalamandalam?
(A) K C Keshava Pillai
(B) Venmani Mahan
(C) Machatt Elayath
(D) Vallathol

26. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യൻ ഭരണഘടനയുടെ മൗലിക കടമകളിൽ ഉൾപ്പെടാത്തത്?

i) ഇന്ത്യയുടെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

ii) പൊതുമുതൽ സംരക്ഷിക്കുകയും ഹിംസ വർജ്ജിക്കുകയും ചെയ്യുക.

iii) ശാസ്ത്രീയ മനോഭാവം, മാനവികത, അന്വേഷണത്തിനും പരിഷ്കരണത്തിനുള്ള മനോഭാവവും വികസിപ്പിക്കുക.

iv) വ്യക്തിയുടെ അന്തസ്സും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പാക്കുക.

തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

(A) i, ii & iii (B) ii മാത്രം (C) ii & iv (D) iv മാത്രം

27. ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്താണ് ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമം നൽകിയിരിക്കുന്നത്?

(A) ഭാഗം XX (B) ഭാഗം XXI (C) ഭാഗം XII (D) ഭാഗം XV

28. ഏത് ഭരണഘടനാ ഭേദഗതിയിലാണ് ഇന്ത്യൻ ഭരണഘടനയിൽ കൂറുമാറ്റ വിരുദ്ധ വ്യവസ്ഥ അവതരിപ്പിച്ചത്?

(A) 51-ാം ഭേദഗതി (B) 52-ാം ഭേദഗതി (C) 53-ാം ഭേദഗതി (D) 54-ാം ഭേദഗതി

29. താഴെപ്പറയുന്ന ഏത് സുപ്രധാന വിധിന്യായത്തിലാണ് പാർലമെന്റിന് മൗലികാവകാശങ്ങൾ ഭേദഗതി ചെയ്യാൻ കഴിയില്ലെന്ന് സുപ്രീംകോടതി വിധിച്ചത്?

(A) ഗോലക്നാഥും മറ്റുള്ളവരും Vs. പഞ്ചാബ് സംസ്ഥാനം - 1967

(B) മേനക ഗാന്ധി Vs. ഇന്ത്യാ സംസ്ഥാനം - 1978

(C) ശങ്കരി പ്രസാദ് Vs. യൂണിയൻ ഓഫ് ഇന്ത്യ - 1951

(D) കേശവാനന്ദ ഭാരതി Vs. കേരള സംസ്ഥാനം - 1973

30. 73-ാം ഭേദഗതി നിയമം ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിളിൽ നിന്നാണ് ഉരുത്തിരിഞ്ഞത്?

(A) ആർട്ടിക്കിൾ 36 (B) ആർട്ടിക്കിൾ 40

(C) ആർട്ടിക്കിൾ 44 (D) ആർട്ടിക്കിൾ 49

31. ഗദ്യത്തിൽ രചിക്കപ്പെട്ട മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം എന്ന് അറിയപ്പെടുന്ന കൃതി ഏത്?

(A) വർത്തമാനപ്പുസ്തകം (B) ധർമ്മരാജാവിന്റെ രാമേശ്വരയാത്ര

(C) കാശിയാത്രാവർണ്ണനം (D) ഉൽക്കൽഭ്രമണം

32. ദ്വിതീയാക്ഷരപ്രാസം നിശ്ശേഷം ഉപേക്ഷിച്ചുകൊണ്ട് 1895ൽ എ.ആർ. രാജരാജവർമ്മ പ്രസിദ്ധീകരിച്ച പരിഭാഷാകൃതി ഏതാണ്?

(A) ദൈവയോഗം (B) മലയവിലാസം

(C) കേശവീയം (D) മേഘദൂതം

33. കേരളത്തിൽ കണ്ടുകിട്ടിയതിൽ വെച്ച് ഏറ്റവും വലിയ ചുമർചിത്രം കൃഷ്ണപുരം കൊട്ടാരത്തിലാണ്. ഈ ചുമർചിത്രത്തിലെ വിഷയം എന്താണ്?

(A) രാമായണം (B) കീചകവധം

(C) ഗജേന്ദ്രമോക്ഷം (D) ഗീതോപദേശം

34. കേരള കലാമണ്ഡലത്തിന്റെ സ്ഥാപനത്തിന് മുൻകൈയ്യെടുത്ത മലയാളകവി ആരാണ്?

(A) കെ.സി. കേശവപിള്ള (B) വെൺമണി മഹൻ

(C) മച്ചാട്ട് ഇളയത് (D) വള്ളത്തോൾ

35. Match the following based on authors and works:

a) Odakkuzhal — 1) S K Pottekkatt
b) Randamoozham — 2) Takazi
c) Oru Deshathinte Katha — 3) G Sankara Kurup
d) Kayar — 4) M T Vasudevan Nair
5) O V Vijayan

(A) a – 3, b – 4, c – 5, d – 1
(B) a – 3, b – 4, c – 1, d – 2
(C) a – 4, b – 1, c – 5, d – 2
(D) a – 4, b – 3, c – 5, d – 2

36. The first newspaper in Malayalam was born in the month of June, 1847. Identify the name of the newspaper.
(A) Rajyasamacharam
(B) Paschimodayam
(C) Paschima Tharaka
(D) Njananikshepam

37. Which Chavittu Nadakam is known as the first Chavittu Nadakam performed in Kerala?
(A) Alleshu naatakam
(B) Plamena charithram
(C) Carlmans charithram
(D) Genoa naatakam

38. In which sport is the term "bogey" used?
(A) Golf
(B) Badminton
(C) Tennis
(D) Cricket

39. Who was the coach of the Indian Men's Hockey team during the Tokyo 2020 Olympics?
(A) Roelant Oltmans
(B) Graham Reid
(C) Ric Charlesworth
(D) Harendra Singh

40. Which city will host the 2028 Summer Olympics?
(A) Paris
(B) Brisbane
(C) Los Angeles
(D) Rome

41. Which memory unit is the fastest and closest to the CPU in the memory hierarchy?
(A) Cache Memory
(B) Flash Memory
(C) Main Memory (RAM)
(D) Secondary Memory

42. Which of the following is an open-source operating system?
(A) iOS
(B) Linux
(C) MS DOS
(D) Windows

43. Which transmission medium is the most suitable for long-distance and high-bandwidth network communication?
(A) Coaxial cable
(B) Microwave
(C) Optical fiber
(D) Twisted pair cable

44. Which of the following is the primary function of World Wide Web?
(A) Accessing multimedia content and documents using hyperlinks
(B) Managing IP addresses
(C) Secure file transfers
(D) Online gaming

35. എഴുത്തുകാരുടെയും കൃതികളുടെയും അടിസ്ഥാനത്തിൽ ചേരുംപടി ചേർക്കുക.

a) ഓടക്കുഴൽ
b) രണ്ടാമൂഴം
c) ഒരു ദേശത്തിന്റെ കഥ
d) കയർ

1) എസ്. കെ. പൊറ്റെക്കാട്
2) തകഴി
3) ജി. ശങ്കരക്കുറുപ്പ്
4) എം.ടി. വാസുദേവൻ നായർ
5) ഒ. വി. വിജയൻ

(A) a – 4, b – 3, c – 5, d – 1
(B) a – 3, b – 4, c – 1, d – 2
(C) a – 4, b – 1, c – 5, d – 2
(D) a – 4, b – 3, c – 5, d – 2

36. 1847 ജൂൺ മാസത്തിലാണ് മലയാളത്തിലെ ആദ്യത്തെ പത്രം പിറവിയെടുത്തത്. പത്രത്തിന്റെ പേര് തിരിച്ചറിയുക

(A) രാജ്യസമാചാരം
(B) പശ്ചിമോദയം
(C) പശ്ചിമതാരക
(D) ജ്ഞാനനിക്ഷേപം

37. കേരളത്തിൽ അവതരിപ്പിക്കപ്പെട്ട ആദ്യത്തെ ചവിട്ടു നാടകം എന്നറിയപ്പെടുന്ന ചവിട്ടു നാടകം ഏതാണ്?

(A) അല്ലേശുനാടകം
(B) പ്ലമേന ചരിത്രം
(C) കാറൾമാൻസ് ചരിത്രം
(D) ജനോവ നാടകം

38. "ബോഗി" എന്ന പദം ഏത് കായിക ഇനമാണ് ഉപയോഗിക്കുന്നത്?

(A) ഗോൾഫ്
(B) ബാഡ്മിന്റൺ
(C) ടെന്നീസ്
(D) ക്രിക്കറ്റ്

39. ടോക്കിയോ 2020 ഒളിമ്പിക്സിൽ ഇന്ത്യൻ പുരുഷ ഹോക്കി ടീമിന്റെ പരിശീലകൻ ആരായിരുന്നു?

(A) റോളന്റ് ഓൾട്ട്മാൻ
(B) എബ്രഹാം റീഡ്
(C) റിക് ചാൾസ് വർത്ത്
(D) ഹരേന്ദ്ര സിംങ്

40. 2028 സമ്മർ ഒളിമ്പിക്സിന് ഏത് നഗരം ആതിഥേയത്വം വഹിക്കും?

(A) പാരീസ്
(B) ബ്രിസ്ബേൻ
(C) ലോസ് ഏഞ്ചൽസ്
(D) റോം

41. സിപിയു വിനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്നതും ഏറ്റവും വേഗതയേറിയതുമായ മെമ്മറി ഘടകം ഏതാണ്?

(A) കാഷ് മെമ്മറി
(B) ഫ്ലാഷ് മെമ്മറി
(C) പ്രധാന മെമ്മറി (RAM)
(D) സെക്കണ്ടറി മെമ്മറി

42. താഴെ കൊടുത്തവയിൽ ഏതാണ് ഒരു ഓപ്പൺ-സോഴ്സ് ഓപ്പറേറ്റിംഗ് സിസ്റ്റം?

(A) ഐഒഎസ്
(B) ലിനക്സ്
(C) MS ഡോസ്
(D) വിൻഡോസ്

43. ഉയർന്ന ബാൻഡ്‌വിഡ്ത്ത് (Bandwidth) ആവശ്യമായ, ദീർഘദൂര വാർത്താവിനിമയത്തിനും നെറ്റ്‌വർക്കിംഗ് ആവശ്യങ്ങൾക്കും ഏറ്റവും അനുയോജ്യമായ ട്രാൻസ്മിഷൻ മീഡിയം ഏതാണ്?

(A) കോആക്സിയൽ കേബിൾ
(B) മൈക്രോവേവ്
(C) ഓപ്റ്റിക്കൽ ഫൈബർ
(D) ട്വിസ്റ്റഡ് പെയർ കേബിൾ

44. വേൾഡ് വൈഡ് വെബ്ബിന്റെ (www) പ്രധാന ഉദ്ദേശം എന്താണ്?

(A) ഹൈപ്പർടെക്സ്റ്റ് അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്റുകൾ കൈകാര്യം ചെയ്യൽ
(B) ഐപി അഡ്രസ്സ് കൈകാര്യം ചെയ്യൽ
(C) സുരക്ഷിതമായ ഫയൽ കൈമാറ്റം
(D) ഓൺലൈൻ ഗെയ്മിങ്ങ്

45. Which section of the IT Act, 2000 deals with the punishment for publishing or transmitting obscene material in electronic form?

(A) Section 65 (B) Section 66 (C) Section 67 (D) Section 70

46. Montreal protocol is

i) An agreement for the conservation of the ozone layer by phasing out the production of ozone depleting substances

ii) An agreement for the conservation of the ozone layer by reducing the consumption of ozone depleting substances

iii) Signed in 1987

Select the correct answer from the codes given below:

(A) Only (i)
(B) Only (ii & iii)
(C) Only (i & ii)
(D) All of the above (i, ii & iii)

47. Methane has a lower global warming potential than the following greenhouse gases:

i) Chlorofluorocarbons, Nitrous oxide

ii) Nitrous oxide

iii) Carbon dioxide

Select the correct answer from the codes given below:

(A) Only (iii) (B) Only (i & ii) (C) Only (ii) (D) Only (i)

48. Insitu biodiversity conservation methods are

i) Zoo

ii) Zoo and gene banks

iii) National parks and biosphere reserves

iv) National parks and sanctuaries

Select the correct answer from the codes given below:

(A) Only (i & ii)
(B) Only (i)
(C) Only (iii & iv)
(D) Only (iii)

49. The 'Great Pacific Garbage Patch' is mainly composed of

i) Heavy metals and wood
ii) Plastics and Microplastics
iii) Floating plants
iv) E-waste

Select the correct answer from the codes given below:

(A) Only (ii) (B) Only (i & ii) (C) Only (i & iv) (D) Only (iii)

50. Eutrophication is caused by excessive input of

i) Phosphorous
ii) Nitrogen
iii) Calcium and Uranium
iv) Sulphur

Select the correct answer from the codes given below:

(A) Only (iv)
(B) Only (i & ii)
(C) Only (iii & iv)
(D) Only (ii & iii)

45. അശ്ലീല ഉള്ളടക്കം ഇലക്ട്രോണിക് രൂപത്തിൽ പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം ചെയ്യുകയോ ചെയ്യുന്നതിന് ശിക്ഷ നൽകുന്നത് ഐടി ആക്ടിലെ ഏത് വകുപ്പ് പ്രകാരമാണ്?

(A) വകുപ്പ് 65 (B) വകുപ്പ് 66 (C) വകുപ്പ് 67 (D) വകുപ്പ് 70

46. മൊൻഡ്രിയാൽ പ്രോട്ടോകോൾ എന്ന് പറയുന്നത്

i) ഓസോൺ ഇല്ലാതാക്കുന്ന കെമിക്കൽസിന്റെ നിർമ്മാണം നിർത്തിക്കൊണ്ട് ഓസോൺ പാളിയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള എഗ്രിമെന്റ്

ii) ഓസോൺ ഇല്ലാതാക്കുന്ന കെമിക്കൽസിന്റെ ഉപയോഗം കുറച്ചുകൊണ്ട് ഓസോൺ പാളിയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള എഗ്രിമെന്റ്

iii) 1987-ൽ ഒപ്പിട്ടു

തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

(A) i മാത്രം (B) ii & iii മാത്രം

(C) i & ii മാത്രം (D) മുകളിൽ പറഞ്ഞതെല്ലാം (i, ii & iii)

47. താഴെ പറയുന്ന ഹരിതഗൃഹവാതകങ്ങളെക്കാളും ഗ്ലോബൽ വാർമിംഗ് പൊട്ടൻഷ്യൽ കുറവാണ് മീഥേൻ വാതകത്തിന്

i) ക്ലോറോഫ്ലൂറോ കാർബൺസ്, നൈട്രസ് ഓക്സയിഡ്

ii) നൈട്രസ് ഓക്സയിഡ്

iii) കാർബൺ ഡൈ ഓക്സയിഡ്

തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

(A) iii മാത്രം (B) i & ii മാത്രം (C) ii മാത്രം (D) i മാത്രം

48. ജൈവവൈവിധ്യത്തിന്റെ ഇൻ-സീറ്റു സംരക്ഷണത്തിന്റെ രീതികൾ ആണ്

i) മൃഗശാലകൾ

ii) മൃഗശാലകൾ, ജീൻ ബാങ്ക്

iii) നാഷണൽ പാർക്കുകളും ബിയോസ്ഫിയർ റിസർവ്വുകളും

iv) നാഷണൽ പാർക്കുകളും സാഞ്ചുറികളും

തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

(A) i & ii മാത്രം (B) i മാത്രം (C) iii & iv മാത്രം (D) iii മാത്രം

49. 'ഗ്രേറ്റ് പസഫിക് ഗാർബേജ് പാച്ചി'ൽ കൂടുതലായി അടങ്ങിയിട്ടുള്ളത്

i) ഹെവി മെറ്റൽസും തടികളും ii) പ്ലാസ്റ്റിക്കും മൈക്രോപ്ലാസ്റ്റിക്കും

iii) പൊങ്ങിക്കിടക്കുന്ന ചെടികൾ iv) ഇ വേസ്റ്റ്

തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

(A) ii മാത്രം (B) i & ii മാത്രം (C) i & iv മാത്രം (D) iii മാത്രം

50. യൂട്രോഫിക്കേഷൻ സംഭവിക്കുന്നത് ഏത് മൂലകങ്ങൾ കൂടുമ്പോളാണ്?

i) ഫോസ്ഫറസ് ii) നൈട്രജൻ

iii) കാൽസ്യം, യുറേനിയം iv) സൾഫർ

തന്നിരിക്കുന്ന കോഡുകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

(A) iv മാത്രം (B) i & ii മാത്രം

(C) iii & iv മാത്രം (D) ii & iii മാത്രം

51. If $x - 4$, $x - 2$ and $x$ are prime, then $x + 2$ is
(A) A prime
(B) A composite which is the square of an integer
(C) A composite which is not the square of an integer
(D) A composite which is a multiple of 5

52. If increasing 10 by x percentage gives the same value as decreasing 30 by x percentage, then what is x?
(A) 10 (B) 30 (C) 15 (D) 50

53. The diameter of a wheel of a car is 77 cm. How much distance will the car move during 1000 revolutions of the wheel in meters?
(A) 2420 (B) 770 (C) 77 (D) 1210

54. A sum was put at simple interest at a rate for 5 years. If it was put at 2% higher rate, the amount that could have earned additionally is 5000/-. Then the sum is
(A) 5000 (B) 25000 (C) 50000 (D) 20000

55. The ratio of three numbers is 3:4:5. If the sum of the numbers is 60, then find the sum of squares of the numbers
(A) 1250 (B) 4000
(C) 2250 (D) 5000

56. 5 men complete a work in 3 days and 3 boys can complete it in 5 days. Find the time taken to complete the work by 4 men and 2 boys.
(A) 1 day (B) 2 days (C) 3 days (D) 4 days

57. The area of a circle with perimeter equal to 39.6 m is equal to the area of a rectangle. What is the breadth of the rectangle if its length is 27.72?
(A) 3.6 (B) 6.3
(C) 4.5 (D) 2.4

58. Find the number which when decreased by 12% becomes 1760?
(A) 2000 (B) 1000
(C) 1200 (D) 5600

59. Thomas bought a furniture item for Rs. 4800. If he had to spend Rs. 1200 for polishing the item before selling, then find the profit or loss percent if the selling price is Rs. 5400.
(A) 1% profit (B) 1% loss
(C) 5% profit (D) 5% loss

60. $(625)^{0.16} \times (625)^{0.09} =$
(A) 5 (B) 125 (C) 625 (D) 25

61. Find the odd one out from the given data
(A) Radium (B) Oxygen
(C) Chlorine (D) Hydrogen

51. x − 4, x − 2, x എന്നിവ അഭാജ്യസംഖ്യകൾ ആണെങ്കിൽ x + 2 എന്നത്?

(A) ഒരു അഭാജ്യസംഖ്യയാണ്

(B) ഒരു ഭാജ്യസംഖ്യയും അതേ സമയം ഒരു പൂർണ്ണസംഖ്യയുടെ വർഗ്ഗവുമാണ്

(C) ഒരു ഭാജ്യസംഖ്യയും അതേസമയം ഒരു പൂർണ്ണസംഖ്യയുടെ വർഗ്ഗമല്ലാത്തതുമാണ്

(D) ഒരു ഭാജ്യസംഖ്യയും അതേസമയം 5-ന്റെ ഒരു ഗുണിതവുമാണ്.

52. 10 നെ x ശതമാനം വർദ്ധിപ്പിച്ചാൽ 30 നെ x ശതമാനം കുറച്ചാൽ കിട്ടുന്ന അതേ വില കിട്ടുമെങ്കിൽ x എത്ര?

(A) 10 (B) 30 (C) 15 (D) 50

53. ഒരു കാറിന്റെ ചക്രത്തിന്റെ വ്യാസം 77 സെ.മീ. ആണ്. 1000 പ്രാവശ്യം കറങ്ങുമ്പോൾ കാർ എത്ര മീറ്റർ ദൂരം നീങ്ങിയിരിക്കും?

(A) 2420 (B) 770 (C) 77 (D) 1210

54. ഒരു തുക ഒരു നിശ്ചിത ശതമാനം സാധാരണ പലിശയ്ക്ക് 5 വർഷത്തേയ്ക്ക് കൊടുത്തു. 2% കൂടുതൽ പലിശയ്ക്ക് കൊടുത്തിരുന്നെങ്കിൽ 5000 രൂപ കൂടുതൽ കിട്ടുമായിരുന്നു. എങ്കിൽ നിക്ഷേപതുക എത്ര?

(A) 5000 (B) 25000 (C) 50000 (D) 20000

55. മൂന്ന് സംഖ്യകളുടെ അനുപാതം 3:4:5 ആണ്. അവയുടെ തുക 60 ആണെങ്കിൽ സംഖ്യകളുടെ വർഗ്ഗങ്ങളുടെ തുക എത്ര?

(A) 1250 (B) 4000 (C) 2250 (D) 5000

56. 5 മുതിർന്നവർ ഒരു ജോലി മൂന്ന് ദിവസം കൊണ്ട് ചെയ്ത് തീർക്കും. 3 കുട്ടികൾ അതേ ജോലി 5 ദിവസം കൊണ്ട് ചെയ്ത് തീർക്കും. 4 മുതിർന്നവരും 2 കുട്ടികളും ഈ ജോലി ചെയ്തു തീർക്കാൻ എത്ര ദിവസം എടുക്കും?

(A) 1 ദിവസം (B) 2 ദിവസം (C) 3 ദിവസം (D) 4 ദിവസം

57. ചുറ്റളവ് 39.6 m ആയ വൃത്തത്തിന്റെ വിസ്തീർണ്ണം ഒരു ചതുരത്തിന്റെ വിസ്തീർണ്ണത്തിന് തുല്യമാണ്. ചതുരത്തിന്റെ നീളം 27.72 m ആണെങ്കിൽ വീതി എത്ര?

(A) 3.6 (B) 6.3 (C) 4.5 (D) 2.4

58. ഒരു സംഖ്യ 12% കണ്ട് കുറച്ചാൽ 1760 കിട്ടുമെങ്കിൽ സംഖ്യയേത്?

(A) 2000 (B) 1000 (C) 1200 (D) 5600

59. ഒരു ഫർണിച്ചർ തോമസ് 4800 രൂപയ്ക്ക് വാങ്ങി. അത് പോളിഷ് ചെയ്യാൻ 1200 രൂപ ചെലവായി. എങ്കിൽ അത് 5400 രൂപയ്ക്ക് വിറ്റാൽ അയാളുടെ ലാഭമോ നഷ്ടമോ എത്ര ശതമാനം എന്ന് കണ്ടുപിടിക്കുക

(A) 1% ലാഭം (B) 1% നഷ്ടം (C) 5% ലാഭം (D) 5% നഷ്ടം

60. $(625)^{0.16} \times (625)^{0.09} =$

(A) 5 (B) 125 (C) 625 (D) 25

61. ഒറ്റയാനെ തിരഞ്ഞെടുക്കുക?

(A) റേഡിയം (B) ഓക്സിജൻ (C) ക്ലോറിൻ (D) ഹൈഡ്രജൻ

62. If the sum of two numbers is 150 and the product is 45, then what is the sum of their reciprocals?

(A) $\frac{1}{150}$ (B) $\frac{3}{10}$

(C) $\frac{1}{75}$ (D) $\frac{10}{3}$

63. What is the angle between the hour hand and minute hand of the clock at 12.20?

(A) 120° (B) 110° (C) 250° (D) 240°

64. If 26 January, 2025 is Sunday, then what will be the day of 26 January, 2028?

(A) Friday (B) Tuesday

(C) Wednesday (D) Thursday

65. If "EARTH" is written as "FCUXM" in a certain code, then how is "SPOON" written in that code?

(A) RONNM (B) TQPPS (C) TRRSS (D) TRSRS

66. What is the value of
$40 \div 10 - 4 + 32 \div (4 + 10 \div 2 - 1)$?

(A) 4 (B) $\frac{16}{3}$ (C) 8 (D) $\frac{13}{3}$

67. The $n^{th}$ term of the series 5, $\sqrt{5}$, 1.... is $\frac{1}{625}$. Then n is ______

(A) 11 (B) 10 (C) 12 (D) 13

68. Raju moved 10 km to the east and then turned right moving 20 km. After that he turned left and moved 10 km. Finally he turned left again and moved 35 km. Then what is the shortest distance from the starting point to the end point?

(A) 20 km (B) 25 km (C) 30 km (D) 35 km

69. Sumesh is 13 ranks ahead of Ramesh in a queue. Ramesh is $19^{th}$ from the last. Rajesh is 5 ranks behind Sumesh. Arya is 8 ranks ahead of Rajesh and 3 ranks ahead of Sumesh. If Arya is $39^{th}$ from the front, then how many people are there in the queue?

(A) 74 (B) 75 (C) 72 (D) 73

70. Raju is the son of Ram's father's sister. Vikram is the son of Radha, who is the mother of Arun and grandmother of Ram. Kesu is the father of Priya. Kesu is also the grandfather of Raju. Radha is the wife of Kesu. How is Raju related to Radha?

(A) Nephew (B) Son (C) Grandson (D) Son-in-law

62. രണ്ട് സംഖ്യകളുടെ ആകെ തുക 150 ഉം ഗുണനഫലം 45 ഉം ആണെങ്കിൽ അവയുടെ വ്യുൽക്രമത്തിന്റെ തുക എത്രയാണ്?

(A) $\frac{1}{150}$ (B) $\frac{3}{10}$ (C) $\frac{1}{75}$ (D) $\frac{10}{3}$

63. 12.20-ന് ക്ലോക്കിന്റെ മണിക്കൂർ സൂചിക്കും മിനിറ്റ് സൂചിക്കും ഇടയിലുള്ള കോണളവ് എത്ര?

(A) 120° (B) 110° (C) 250° (D) 240°

64. 26.1.2025 ഞായറാഴ്ച്ചയാണെങ്കിൽ 26.1.2028 ഏത് ദിവസമായിരിക്കും?

(A) വെള്ളിയാഴ്ച്ച (B) ചൊവ്വാഴ്ച്ച

(C) ബുധനാഴ്ച്ച (D) വ്യാഴാഴ്ച്ച

65. "EARTH" എന്ന വാക്ക് ഒരു കോഡ് ഭാഷയിൽ "FCUXM" എന്നാണെങ്കിൽ അതേ ഭാഷയിൽ "SPOON" എന്നതിന്റെ കോഡ് എന്തായിരിക്കും.?

(A) RONNM (B) TQPPS

(C) TRRSS (D) TRSRS

66. 40 ÷ 10 – 4 + 32 ÷ (4 + 10 ÷ 2 – 1) എന്നതിന്റെ മൂല്യം എന്താണ്?

(A) 4 (B) $\frac{16}{3}$ (C) 8 (D) $\frac{13}{3}$

67. $5, \sqrt{5}, 1, \ldots$ എന്ന ശ്രേണിയുടെ n-ാം പദം $\frac{1}{625}$ ആണെങ്കിൽ, n = _____

(A) 11 (B) 10 (C) 12 (D) 13

68. രാജു കിഴക്കു വശത്തേക്ക് 10 കിലോമീറ്റർ സഞ്ചരിച്ചു. തുടർന്ന് അവിടെ നിന്ന് വലതു വശത്തേക്ക് തിരിഞ്ഞ് 20 കിലോമീറ്റർ സഞ്ചരിച്ചു. പിന്നെ, ഇടത്തോട്ട് തിരിഞ്ഞ് 10 കിലോമീറ്റർ സഞ്ചരിച്ചു. ഒടുവിൽ വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 35 കിലോമീറ്റർ സഞ്ചരിച്ചു. എങ്കിൽ ആരംഭ സ്ഥാനത്തുനിന്ന് അവസാന സ്ഥാനത്തേക്കുള്ള ഏറ്റവും കുറഞ്ഞ ദൂരം എത്ര?

(A) 20 കിലോമീറ്റർ (B) 25 കിലോമീറ്റർ (C) 30 കിലോമീറ്റർ (D) 35 കിലോമീറ്റർ

69. ഒരു ക്യൂവിൽ രമേഷിനേക്കാൾ 13 റാങ്ക് മുന്നിലാണ് സുമേഷ്. പിന്നിൽ നിന്ന് 19-ാം സ്ഥാനത്താണ് രമേഷ്. സുമേഷിനേക്കാൾ 5 റാങ്കുകൾ പിന്നിലാണ് രാജേഷ്. രാജേഷിനേക്കാൾ 8 റാങ്കും സുമേഷിനേക്കാൾ 3 റാങ്കും മുന്നിലാണ് ആര്യ. മുന്നിൽ നിന്ന് 39-ാം സ്ഥാനത്താണ് ആര്യയെങ്കിൽ ക്യൂവിൽ ആകെ എത്ര പേരുണ്ട്?

(A) 74 (B) 75

(C) 72 (D) 73

70. രാജു രാമിന്റെ അച്ഛന്റെ സഹോദരിയുടെ മകനാണ്. വിക്രം രാധയുടെ മകനാണ്. രാധ അരുണിന്റെ അമ്മയും രാമിന്റെ മുത്തശ്ശിയുമാണ്. കേശു പ്രിയയുടെ അച്ഛനാണ്. കേശു രാജുവിന്റെ മുത്തച്ഛനും കൂടിയാണ്. രാധ കേശുവിന്റെ ഭാര്യയാണ്. രാജു രാധയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

(A) അനന്തരവൻ (B) മകൻ

(C) ചെറുമകൻ (D) മരുമകൻ

A

71. Seventy kilograms ______ more than anyone can lift easily.

(A) are
(B) is
(C) will
(D) shall

72. She is elder ______ her youngest sister by 4 years.

(A) than
(B) of
(C) to
(D) by

73. I am good at grammar, ______?

(A) am I
(B) amn't I
(C) aren't I
(D) are I

74. Change into indirect speech:

He said, "I will return this book tomorrow".

(A) He promised that he would return that book the next day
(B) He said he will return the book tomorrow
(C) He offered to return the book tomorrow
(D) He promised he would return the book next day

75. Identify the correct spelling

(A) Phoenix
(B) Pheenix
(C) Phinix
(D) Phoenex

76. If you had studied well, you ______ the examination.

(A) will have passed
(B) would pass
(C) would be passing
(D) would have passed

77. Kids are fond ______ games.

(A) about
(B) of
(C) in
(D) by

78. The idiom 'a red-letter day' means.

(A) a day of bloodshed
(B) a very important day
(C) a day of martyrs
(D) an unhappy occasion

79. I came across a ______ of girls in the park.

(A) pack
(B) pride
(C) bevy
(D) gaggle

80. The word 'scapegoat' means.

(A) an escaped goat
(B) a goat which is sick
(C) a goat kept as prey for a wild animal
(D) a person blamed for someone else's wrongs

81. Opposite of 'extravagant'

(A) intelligent
(B) thrifty
(C) lavish
(D) foolish

82. The expression 'sine qua non' means.

(A) an essential condition
(B) none is qualified
(C) do not sin
(D) none of the above

83. Choose the correct sentence

(A) He is writing for two hours
(B) He has been writing for two hours
(C) He writes since two hours
(D) He has been writing since two hours

84. Find the passive voice of 'When did you buy the boat?'

(A) When the boat was bought?
(B) When was the boat bought?
(C) When did the boat bought?
(D) When did bought the boat?

85. Choose the singular of 'data'.

(A) datem (B) datam (C) datum (D) datim

86. 'There is little water in the glass' means.

(A) There is some water in the glass
(B) There is very little water in the glass
(C) There is no water in the glass
(D) There is enough water in the glass

87. The phrasal verb 'put off ' means.

(A) To put something outside
(B) To put something away
(C) To extinguish something like fire
(D) To postpone something

88. It may take time to ______ to new situations.

(A) adopt (B) adept (C) adapt (D) accept

89. Kiran's pen was _______ than that of Arun.

(A) bad
(B) worse
(C) worst
(D) worsest

90. The train _______ when he reached the railway station.

(A) is leaving
(B) has left
(C) had left
(D) will leave

91. ശരിയായ പദം തെരഞ്ഞെടുക്കുക.

(A) ശുപാർശ

(B) ശിപാർശ

(C) ശിവാർശ

(D) ശിവാർശി

92. To look blue എന്ന പ്രയോഗത്തിന്റെ ഉചിതമായ മലയാളം.

(A) സന്തോഷവാനായിരിക്കുക

(B) കുപിതനായിരിക്കുക

(C) വിഷണ്ണനായിരിക്കുക

(D) സംശയാലുവായിരിക്കുക

93. സർവ്വം ആത്മാവായി കരുതുന്നവൻ.

(A) ആത്മഗ്രാഹി

(B) ആത്മപ്രഭവൻ

(C) ആത്മഘാതി

(D) ആത്മയാജി

94. മുഖ്യം എന്ന പദത്തിന്റെ വിപരീതപദം

(A) ഗൗണം

(B) വർജ്യം

(C) ഗർഹ്യം

(D) ഋതം

95. ഒരുക്കങ്ങളെല്ലാം ചെയ്തുകഴിഞ്ഞേ എന്തും പ്രവർത്തിക്കാവൂ എന്ന ആശയം വരുന്ന പഴഞ്ചൊല്ല്?

(A) പഠിക്കുന്നതിനു മുമ്പ് ഗുരുക്കളാകരുത്

(B) ഒട്ടേടംകൊണ്ട് വെളിച്ചപ്പെടരുത്

(C) കറ്റയും തലയിൽവെച്ച് കളം ചെത്തരുത്

(D) ദണ്ഡം ചെയ്ത് പിണ്ഡം വെക്കരുത്

96. തെറ്റായ വാക്യം തെരഞ്ഞെടുക്കുക.

(A) ഏകദേശം മുന്നൂറുപേർ ആ സദ്യയിൽ പങ്കെടുത്തിട്ടുണ്ട്.

(B) ഏകദേശം മുന്നൂറോളം പേരെങ്കിലും ആ സദ്യയിൽ പങ്കെടുത്തിട്ടുണ്ട്.

(C) മുന്നൂറോളം പേർ ആ സദ്യയിൽ പങ്കെടുത്തിട്ടുണ്ട്.

(D) മുന്നൂറു പേരെങ്കിലും ആ സദ്യയിൽ പങ്കെടുത്തിട്ടുണ്ട്.

97. പാമ്പ് എന്ന പദത്തിന്റെ പര്യായപദം എഴുതുക.

(A) ദ്യുകം

(B) മേകം

(C) വിലേശയം

(D) വിസരകടം

98. വെൺമ എന്ന പദം പിരിച്ചെഴുതിയാൽ

(A) വെണ് + മ

(B) വെള് + മ

(C) വെൻ + മ

(D) വെൺ + മ

99. "വാരണവ്യാളഭല്ലൂകവൃകാദികൾ
മാനുഷഭോജികളായുള്ള രാക്ഷസർ" - എന്ന വരിയിൽ അടിവരയിട്ട പദത്തിന്റെ സമാനപദം.

(A) കടുവ
(B) പാമ്പ്
(C) കരടി
(D) സിംഹം

100. ദിക് + നാഗൻ എന്നീ പദങ്ങൾ ചേർത്തെഴുതിയാൽ.

(A) ദിഗ്നാഗൻ
(B) ദിങ്ങ്നാഗൻ
(C) ദിന്നാഗൻ
(D) ദിക്നാഗൻ

---